# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷൻ
യോഗംകൂടി തെരഞ്ഞെടുപ്പു നടത്തുന്നതു
സംബന്ധിച്ച

# നടപടിച്ചട്ടങ്ങൾ

First Published February - 1970

Printed at Atma Mithram Press, Kottayam

Copies - 3000

പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷൻ പ്രസിഡണ്ടും ആയ നി. വ. ദി. മ. ശ്രീ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻപ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട്, അസ്സോസ്യേഷൻ യോഗങ്ങൾ വിളിച്ചു കൂട്ടുന്നതും, നടത്തുന്നതും ക്രമവല്ക്കരിക്കുന്നതിനു ചട്ടങ്ങൾ ഉണ്ടായിരിക്കേണ്ടതു യുക്തമെന്നു കാണുകയാൽ ഈ നടപടിചട്ടങ്ങൾ 1–2–1970 മുതൽ നടപ്പിൽ വരുത്തിയിരിക്കുന്നു.

# മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷൻ യോഗം കൂടി തെരഞ്ഞെടുപ്പു നടത്തുന്നതുസംബന്ധിച്ച നടപടിച്ചട്ടങ്ങൾ

## ഭാഗം 1.

### I പൊതു ചട്ടങ്ങൾ

1. പ്രഖ്യാപനം. ഈ നടപടി ചട്ടങ്ങൾ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായ ഉപചട്ടങ്ങളാകുന്നു.

2. ചുരുക്കപ്പേരു്. ഈ നടപടിചട്ടങ്ങളുടെ പേരു്, മലങ്കര അസ്സോസ്യേഷൻ നടത്തുന്നതെരഞ്ഞെടുപ്പുകൾ സംബന്ധിച്ച നടപടി ചട്ടങ്ങൾ, എന്നായിരിക്കുന്നതാകുന്നു.

3. നിർവ്വചനം. ഈ നടപടിചട്ടങ്ങളിൽ, സന്ദർഭത്തിനു മററു വിധത്തിൽ ആവശ്യമായി വരുന്നതൊഴികെ,

i "അസ്സോസ്യേഷൻ" എന്നതിനു് മലങ്കര സുറിയാനിക്രിസ്ത്യാനി അസ്സോസ്യേഷൻ എന്നും

ii 'ഭരണഘടന' എന്നതിനു് മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ഭരണഘടന എന്നും

iii 'പ്രസിഡൻറു്' എന്നതിനു് മലങ്കര മെത്രാപ്പോലീത്തായും അസ്സോസ്യേഷൻ യോഗത്തിൻെറ നടത്തിപ്പിനു് നിയോഗിക്കപ്പെട്ടിട്ടുള്ളതോ അസ്സോസ്യേഷൻ യോഗം നടത്തിക്കൊണ്ടിരിക്കുന്നതോ ആയ ഏതെങ്കിലും മെത്രാപ്പോലീത്തായും എന്നും

iv 'ഇടവകയോഗം' എന്നതിനു് ഭരണഘടന 12—ാം വകുപ്പിൻപ്രകാരം കൂടുന്ന യോഗമെന്നും

v 'സെക്രട്ടറി' എന്നതിനു് അസ്സോസ്യേഷൻ സെക്രട്ടറി എന്നും

vi 'പ്രതിപുരുഷന്മാർ' എന്നതിനു ഭരണഘടന 71_ാം വകുപ്പിൻ പ്രകാരം അസ്സോസ്യേഷനിൽ അംഗങ്ങളായിതെരഞ്ഞെടുക്കപ്പെട്ടവർ എന്നും

vii 'വികാരി' എന്നതിനു ഭരണഘടന 38—ാം വകുപ്പിൽ പറയുന്ന വികാരി എന്നും

viii 'മാനേജിംഗ് കമ്മററി' എന്നതിനു് ഭരണഘടന 78-ാം വകുപ്പിൽപറയുന്ന അസ്സോസ്യേഷൻ മാനേജിംഗ് കമ്മററിഎന്നും അത്ഥമായിരിക്കുന്നതാകുന്നു.

## II അസ്സോസ്യേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസ്

**A പള്ളികൾക്കുള്ള നോട്ടീസ്**

1. അസ്സോസ്യേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസ്, യോഗദിവസത്തിനു് എട്ടു് ആഴ്ച മുമ്പ് എങ്കിലും അയക്കേണ്ടതും അതിൽ താഴെപ്പറയുന്ന സംഗതികൾ വിവരിച്ചിരിക്കേണ്ടതും ആകുന്നു,

(a) യോഗം കൂടുന്ന തീയതിയും സമയവും സ്ഥലവും

(b) യോഗത്തിൽ ആലോചിച്ചു് നിശ്ചയിക്കേണ്ട വിഷയങ്ങൾ

(c) യോഗത്തിലേക്കു് പ്രതിപുരുഷന്മാരെ തെരഞ്ഞെടുത്തു് അയക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ

(d) പ്രതിപുരുഷന്മാരുടെ സ്ഥാനസാധുതയെപ്പററി പരാതി ഉണ്ടായാൽ അതുകേട്ടു തീരുമാനിക്കുന്നതിനുള്ള ട്രിബ്യൂണലിൻെറ അദ്ധ്യക്ഷനും അംഗങ്ങളും ആരെല്ലാമെന്നും പരാതി വിചാരണസ്ഥലം ഏതെന്നും വിചാരണ എന്നുമുതൽ എന്നുവരെ എന്നും

(e) പ്രതിപുരുഷന്മാർ അവരുടെ അധികാരപത്ര ങ്ങൾ എവിടെ ആണ്, എപ്പോൾ ഏല്പിക്കണമെന്ന്

(f) യോഗത്തിൻെറ നടത്തിപ്പു സംബന്ധിച്ച ക്രമീകരണങ്ങളുടെ ചുരുങ്ങിയ വിവരം

2. അസ്സോസേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസോടുകൂടി താഴെ വിവരിച്ചിട്ടുള്ള ഫാറങ്ങൾ അയച്ചുകൊടുക്കേണ്ടതാകുന്നു.

(a) പ്രതിപുരുഷന്മാരുടെ അധികാരപത്രഫാറം. (ഈ ഫാറം ഈ നടപടി ചട്ടങ്ങളുടെ ഒടുവിൽ 1—ാം അനുബന്ധമായി ചേർത്തിരിക്കുന്നു.

(b) പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പ് സെക്രട്ടറിയെ അറിയിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് അറിയിപ്പു ഫാറം. (ഈ ഫാറം ഈ നടപടിചട്ടങ്ങളുടെ ഒടുവിൽ രണ്ടാം അനുബന്ധമായി ചേർത്തിരിക്കുന്നു.)

3. അസ്സോസേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസും മേൽ പറഞ്ഞ രണ്ടു ഫാറങ്ങളും പ്രസ്തുത നോട്ടീസ് അയയ്ക്കുന്നതോടുകൂടി രണ്ടു പ്രധാന ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

B. മാനേജിങ്ങ് കമ്മററിഅംഗങ്ങൾക്കുള്ള നോട്ടീസ്.

അസ്സോസേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസ് യോഗദിവസത്തിന് എട്ട് ആഴ്ച മുമ്പെങ്കിലും മാനേജിങ്ങ് കമ്മററി അംഗങ്ങൾക്ക് അയയ്ക്കേണ്ടതും അതിൽ താഴെപ്പറയുന്ന സംഗതികൾ വിവരിച്ചിരിക്കേണ്ടതും ആകുന്നു.

(a) യോഗം കൂടുന്നതീയതിയും സമയവും സ്ഥലവും

(b) യോഗത്തിൽ ആലോചിച്ചു നിശ്ചയിക്കേണ്ട വിഷയങ്ങൾ

(c) യോഗത്തിൻെറ നടത്തിപ്പു സംബന്ധിച്ച ക്രമീകരണങ്ങളുടെ ചുരുങ്ങിയ വിവരം.

## III പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പും അവർക്കു കൊടുക്കുന്ന അധികാരപത്രവും അവരുടെ തെരഞ്ഞെടുപ്പ് അറിയിപ്പും പ്രതിപുരുഷന്മാരുടെയും മാനേജിങ്ങ് കമ്മററി അംഗങ്ങളുടെയും ലിസ്ററും.

1. അസ്സോസ്സ്യേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസ് കിട്ടികഴിഞ്ഞാൽ, ഭരണഘടന പ്രകാരം ഇടവകയോഗം കൂടി പ്രതിപുരുഷന്മാരെ തെരഞ്ഞെടുത്ത് അവർക്ക് അധികാരപത്രം കൊടുക്കേണ്ടതും അവരെ തെരഞ്ഞെടുത്തവിവരം അറിയിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് അറിയിപ്പുഫാറം പൂരിപ്പിച്ച് സെക്രട്ടറിക്ക് അസ്സോസ്സ്യേഷൻ യോഗദിവസത്തിനു കുറഞ്ഞപക്ഷം നാലാഴ്ച മുമ്പ് കിട്ടത്തക്കവണ്ണം (കാതോലിക്കേററ് ആപ്പീസ്, കോട്ടയം —4 എന്നവിലാസത്തിൽ) വികാരി അയച്ചുകൊടുക്കേണ്ടതും ആകുന്നു.

2. പ്രതിപുരുഷന്മാരെ തെരഞ്ഞെടുത്ത വിവരത്തിനു സെക്രട്ടറിക്കു കിട്ടിയിട്ടുള്ള അറിയിപ്പിനെ അടിസ്ഥാനപ്പെടുത്തിയും ഈ നടപടിചട്ടങ്ങളുടെ ഒടുവിൽ മൂന്നാം അനുബന്ധമായി ചേർത്തിട്ടുള്ള ഫാറത്തിൽ കാണിച്ചിട്ടുള്ളപ്രകാരവും എല്ലാ പ്രതിപുരുഷന്മാരുടെയും മാനേജിങ്ങ് കമ്മററി അംഗങ്ങളുടെയും പേരും മേൽവിലാസവും വിവരിക്കുന്ന ലിസ്റ്റ് തയ്യാറാക്കി പ്രസിഡണ്ടിന്റെ അനുമതിവാങ്ങി കാതോലിക്കേററ് ആപ്പീസിലും, അസ്സോസ്സ്യേഷൻ യോഗസ്ഥലത്തും മെത്രാസന ആപ്പീസുകളിലും, അസ്സോസ്സ്യേഷൻ യോഗദിവസത്തിനു മൂന്നാഴ്ചമുമ്പ് സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

## IV പരാതികളും ട്രിബ്യൂണലും.

1. പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പുസംബന്ധിച്ചോ സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രതിപുരുഷ

ന്മാരുടെ ലിസ്റ്റു സംബന്ധിച്ചോ ആക്ഷേപങ്ങൾ വല്ലതും പരാതി ഉണ്ടെങ്കിൽ അവ കേട്ടു തീരുമാനിക്കുന്നതിനു് ഒരു ട്രിബ്യൂണൽ ഉണ്ടായിരിക്കുന്നതാകുന്നു.

2. ട്രിബ്യൂണലിനെ മാനേജിംഗ് കമ്മററിയുടെ ആലോചനയോടുകൂടി പ്രസിഡണ്ടു് നിയമിക്കുന്നതാകുന്നു.

3. ഈ വകുപ്പ്, ഉപവകുപ്പ് 1–ൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച പരാതികൾ, ട്രിബ്യൂണലിന്റെ അദ്ധ്യക്ഷന്റെ പേർക്കു് (കാതോലിക്കേററ് ആപ്പീസ്, കോട്ടയം–4 എന്ന വിലാസത്തിൽ) അയച്ചുകൊടുക്കേണ്ടതും പരാതികൾ ട്രിബ്യൂണലിന്റെ അദ്ധ്യക്ഷനു് പ്രതിപുരുഷന്മാരുടെ ലിസ്റ്റു് പ്രസിദ്ധപ്പെടുത്തി ഒരാഴ്ചയ്ക്കകം കിട്ടിയിരിക്കേണ്ടതും, അതുകഴിഞ്ഞു കിട്ടുന്ന പരാതികൾ ഗൗനിക്കപ്പെടുന്നതല്ലാത്തതും ആകുന്നു.

4. പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പു സംബന്ധിച്ച പരാതി ട്രിബ്യൂണലിന്റെ അദ്ധ്യക്ഷനു് അയച്ചുകൊടുക്കുന്നതോടുകൂടി, അതിന്റെ പകർപ്പു് ബന്ധപ്പെട്ട ഇടവക വികാരിക്കു് പരാതിക്കാർ അയച്ചുകൊടുക്കേണ്ടതും വികാരി പ്രതിപുരുഷന്മാരായി തെരഞ്ഞെടുക്കപ്പെട്ടവരെ വിവരം അറിയിക്കേണ്ടതും ആകുന്നു.

5. അസ്സോസ്യേഷൻ യോഗം കൂടുന്നതിനുള്ള നോട്ടീസിൽ വിവരിച്ചിട്ടുള്ള സ്ഥലത്തും തീയതിയിലും ട്രിബ്യൂണൽ കൂടുന്നതും പരാതിക്കാരും പ്രതിപുരുഷന്മാരായി തെരഞ്ഞെടുക്കപ്പെട്ടവരും അവരവർക്കുള്ള തെളിവുകൾ സഹിതം ട്രിബ്യൂണലിന്റെ മുമ്പാകെ ഹാജരാകേണ്ടതും ട്രിബ്യൂണലിന്റെ നടപടിക്രമം ട്രിബ്യൂണൽ തന്നെ നിശ്ചയിക്കുന്നതും ട്രിബ്യൂണൽ ചെയ്യുന്ന തീരുമാനങ്ങൾ അവസാന തീരുമാനങ്ങൾ ആയിരിക്കുന്നതും ആകുന്നു.

6. ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ അനുസരിച്ച് പ്രതിപുരുഷന്മാരുടെ ലിസ്റ്റിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തേണ്ടതായിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള ഭേദഗതികൾ വരുത്തി ലിസ്റ്റ് ശരിപ്പെടുത്തി അസ്സോസ്യേഷൻ യോഗത്തിനു ഒരാഴ്ചമുമ്പ് അസ്സോസ്യേഷൻ യോഗസ്ഥലത്ത് സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം പ്രസിദ്ധപ്പെടുത്തുന്ന ലിസ്റ്റിൽ പേരുള്ള പ്രതിപുരുഷന്മാർമാത്രം നിയമാനുസരണം തെരഞ്ഞെടുക്കപ്പെട്ടവരായി കണക്കാക്കപ്പെടുന്നതും ആകുന്നു.

V 1. അസ്സോസ്യേഷൻ യോഗാംഗങ്ങൾ യോഗം ആരംഭിക്കുന്നതിനു മുപ്പതു മിനിററു മുമ്പ് എങ്കിലും, യോഗസ്ഥലത്ത് നിശ്ചിതസ്ഥാനങ്ങളിൽ ഇരിക്കേണ്ടതും പട്ടക്കാർക്കും അൽമായക്കാർക്കും പ്രത്യേകം സ്ഥാനങ്ങളിൽ ഇരിപ്പിടങ്ങൾ നിശ്ചയിക്കാവുന്നതും നിശ്ചിതസ്ഥാനങ്ങളെപ്പററി യോഗസ്ഥലത്ത് അറിവു കൊടുക്കുന്നതും ആകുന്നു. വല്ല കാരണവശാലും താമസിച്ചു വരുന്നവർ. പ്രസിഡണ്ടോ അതിലേക്കു പ്രസിഡണ്ടു നിയോഗിച്ചിട്ടുള്ളവരോ നിർദ്ദേശിക്കുന്ന സ്ഥാനത്ത് ഇരിക്കേണ്ടതാകുന്നു.

## ഭാഗം 2

## കാതോലിക്കായുടെയും മലങ്കരമെത്രാപ്പോലീത്തായുടെയും ആ സ്ഥാനങ്ങളിലേക്കുള്ള പിൻഗാമിയുടെയും തെരഞ്ഞെടുപ്പ്

### VI നാമനിർദ്ദേശം.

1. അസ്സോസ്യേഷൻ അംഗങ്ങൾക്ക് അസ്സോസ്യേഷൻ തെരഞ്ഞെടുക്കേണ്ട ആളിനെ നാമനിർദ്ദേശം ചെയ്യാൻ അവകാശമുള്ളതും നാമനിർദ്ദേശം ചെയ്യുന്നതു് താഴെ വിവരിച്ചിട്ടുള്ളപ്രകാരം ആയിരിക്കേണ്ടതും ആകുന്നു.

2. അസ്സോസ്യേഷൻ അംഗങ്ങൾക്ക് ആക്ഷേങ്കിലും അസ്സോസ്യേഷൻ തെരഞ്ഞെടുക്കേണ്ട ആളിനെ നാമനിർദ്ദേശം ചെയ്യണമെന്ന് അഭിപ്രായമുള്ളപക്ഷം അതിലേക്കുള്ള നാമനിർദ്ദേശം അസ്സോസ്യേഷൻ യോഗദിവസത്തിനു കുറഞ്ഞതു പത്തുദിവസംമുമ്പ് സെക്രട്ടറിക്കു കിട്ടത്തക്കവിധം അയച്ചിരിക്കേണ്ടതാകുന്നു. നാമനിർദ്ദേശങ്ങൾ ഈ നടപടിചട്ടങ്ങളിൽ നാലാം അനുബന്ധമായി ചേർത്തിട്ടുള്ള നാമനിർദ്ദേശപത്രികയുടെ ഫാറത്തിൽ ആയിരിക്കേണ്ടതാകുന്നു.

3. ഓരോ നാമനിർദ്ദേശപത്രികയിലും മേൽ III–ാം വകുപ്പ് ഉപവകുപ്പ് 2–ൽ വിവരിച്ചിട്ടുള്ള പ്രകാരം സെക്രട്ടറി പ്രസിദ്ധപ്പെടുത്തുന്ന ലിസ്റ്റിൽ പേരുള്ള അസ്സോസ്യേഷൻ അംഗങ്ങളിൽ മുപ്പതു പേർ എങ്കിലും ഒപ്പിട്ടിരിക്കേണ്ടതും ഏതെങ്കിലും ഒരു അസ്സോസ്യേഷൻ അംഗത്തിനു ഒന്നിലധികം നാമനിർദ്ദേശപത്രികയിൽ ഒപ്പിടുന്നതിനു അവകാശം ഇല്ലാത്തതും ആകുന്നു.

4. നാമനിർദ്ദേശപത്രിക മേൽ വിവരിച്ചിട്ടുള്ള ഫാറത്തിലാണോ എന്നും അതിലെ പേരുകളും ഒപ്പുകളും നിജമാണോ എന്നും അസ്സോസ്യേഷൻ അംഗങ്ങൾ ഒന്നിലധികം നാമനിർദ്ദേശപത്രികകളിൽ ചേർന്നിട്ടുണ്ടോ എന്നും മേൽ IV—ാം വകുപ്പ് ഉപവകുപ്പ് 1–ൽ പറഞ്ഞിട്ടുള്ള ട്രിബ്യൂണൽ പരിശോധിക്കുന്നതും ഈ നടപടി ചട്ടങ്ങൾക്കു അനുസരണമാണെന്നു കാണുന്ന നാമനിർദ്ദേശങ്ങൾ മാത്രം അസ്സോസ്യേഷൻ അംഗങ്ങൾക്ക് അസ്സോസ്യേഷൻ യോഗത്തിൽ അവതരിപ്പിക്കാവുന്ന സാധുവായ നാമനിർദ്ദേശങ്ങൾ ആയിരിക്കുന്നതും ആകുന്നു.

5. ഈ വകുപ്പിൽ, 4—ാം ഉപവകുപ്പിൽ വിവരിച്ചിട്ടുള്ള പ്രകാരംസാധുവായ നാമ നിർദ്ദേശങ്ങൾ അസ്സോസ്യേഷൻ യോഗത്തിൻെറ അജണ്ടായിൽ ചേർക്കുന്നതും അജണ്ടാ പ്രസിഡണ്ടു് ഒപ്പുവച്ചു് അസ്സോസ്യേഷൻ യോഗത്തിനു അഞ്ചു ദിവസം മുമ്പ് യോഗസ്ഥലത്തും

കാതോലിക്കേററു് ആപ്പീസിലും പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു.

6. അജണ്ടാ പ്രസിദ്ധപ്പെടുത്തിയശേഷം മൂന്നുദിവസത്തിനകം ഏതെങ്കിലും നാമനിർദ്ദേശം പിൻവലിക്കാവുന്നതാകുന്നു.

## VII അസ്സോസ്യേഷൻ യോഗം

1. മേൽ VI—ാം വകുപ്പു്, ഉപവകുപ്പു് 5—ൽ പറയുന്ന പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അജണ്ടാ അനുസരിച്ചു് അസ്സോസ്യേഷൻ യോഗം നടത്തേണ്ടതാകുന്നു.

2. അസ്സോസ്യേഷൻ തെരഞ്ഞെടുക്കേണ്ട ആളിനെ തെരഞ്ഞെടുക്കുന്നതിനെപററി അസ്സോസ്യേഷൻ യോഗം ആലോചിക്കുമ്പോൾ, ആദ്യമായി സെക്രട്ടറി അസ്സോസ്യേഷൻ യോഗത്തിൻെറ അജണ്ടായിൽ ചേർത്തിട്ടുള്ള നാമനിർദ്ദേശങ്ങൾ അതിൽ ചേർത്തിട്ടുള്ള മുറയ്ക്കു് വായിക്കേണ്ടതും അവയിൽ പിൻവലിക്കപ്പെട്ടവ ഉണ്ടെങ്കിൽ അവ ഒഴിച്ചു് ശേഷമുള്ളവ യോഗം പരിഗണിക്കുന്നതും ആകുന്നു.

3. ഈ വകുപ്പിൽ മേൽ ചേർത്ത 2—ാം ഉപവകുപ്പിൽ വിവരിച്ചിട്ടുള്ള പ്രകാരം അസ്സോസ്യേഷൻ യോഗം പരിഗണനയ്ക്കു് എടുക്കുന്ന നാമനിർദ്ദേശം ഒന്നുമാത്രമേ ഉള്ളു എങ്കിൽ അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ ഏകാഭിപ്രായമായി തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്നതാകുന്നു. അസ്സോസ്യേഷൻ യോഗം പരിഗണനയ്ക്കു് എടുക്കുന്ന നാമനിർദ്ദേശങ്ങൾ ഒന്നിലധികം ഉണ്ടായിരുന്നാൽ വോട്ടിംഗ് നടത്തി ഫലം പ്രഖ്യാപിക്കേണ്ടതും വോട്ടിംഗ് കൈമാററം ചെയ്യാവുന്ന ഒററ വോട്ടു് (Single transferable vote) സമ്പ്രദായമനുസരിച്ചു് രഹസ്യ ബാലട്ടിംഗ് മൂലം നടത്തേണ്ടതും നാമനിർദ്ദേശം ചെയ്യപ്പെട്ടവരിൽ ഒരാൾ തെരഞ്ഞെടുക്കപ്പെ

ട്ടതായി പ്രഖ്യാപിക്കുന്നതിന് വോട്ടു ചെയ്യുന്ന അംഗങ്ങളിൽ അമ്പതു ശതമാനത്തിലധികം പേരുടെ വോട്ടുകൾ കിട്ടിയിരിക്കേണ്ടതും വോട്ടുകൾ തുല്യമായി വരുമ്പോൾ അങ്ങനെയുള്ളവരെ സംബന്ധിച്ച് ഫലം ചീട്ടിട്ടു നിർണ്ണയിക്കേണ്ടതും ആകുന്നു. തെരഞ്ഞെടുപ്പുഫലം പ്രസിഡണ്ട് പ്രഖ്യാപിക്കുന്നതാകുന്നു.

## ഭാഗം 3

### VIII സമുദായ ട്രസ്റ്റികളുടെ തെരഞ്ഞെടുപ്പ്

ഭരണഘടന 91 മുതൽ 93 വരെയുള്ള വകുപ്പിൽ പറയുന്ന ട്രസ്റ്റികളെ മേൽ VI, VII എന്നീവകുപ്പുകളിൽ വിവരിച്ചിട്ടുള്ള നിബന്ധനകളനുസരിച്ച് തെരഞ്ഞെടുക്കേണ്ടതാകുന്നു.

## ഭാഗം 4

### എപ്പിസ്കോപ്പന്മാരുടെയോ മെത്രാപ്പോലീത്തന്മാരുടെയോ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ്

IX 1. മേൽ ഭാഗം 2—ൽ ചേർത്തിട്ടുള്ള ചട്ടങ്ങളിൽ, VII—ാം വകുപ്പ് ഉപവകുപ്പ് 3 ഒഴിച്ച് ഉള്ളവ എപ്പിസ്കോപ്പായുടെയോ മെത്രാപ്പോലീത്തായുടെയോ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പു സംബന്ധിച്ചും ബാധകമായിരിക്കുന്നതാകുന്നു.

2. എപ്പിസ്കോപ്പായുടെയോ മെത്രാപ്പോലീത്തായുടെയോ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിന് വോട്ടിംഗ് നടത്തേണ്ടിവന്നാൽ, ഒരാൾ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുന്നതിന് അസ്സോസ്യേഷനിൽ ഹാജരുള്ള പട്ടക്കാരുടെയും അത്മായക്കാരുടെയും പ്രത്യേകം പ്രത്യേ

കം ഭൂരിപക്ഷം ഉണ്ടായിരിക്കേണ്ടതും പ്രത്യേകം പ്രത്യേകം ഭൂരിപക്ഷം ഇല്ലാതെവന്നാൽ അങ്ങനെയുള്ള നാമനിർദ്ദേശം തൽക്കാലത്തേക്കു തിരസ്ക്കരിക്കപ്പെട്ടതായി പരിഗണിക്കുന്നതും എന്നാൽ ആ സ്ഥാനത്തേക്കു തെരഞ്ഞെടുപ്പു നടത്താൻ പിന്നീട് അസ്സോസ്യേഷൻ യോഗം കൂടുമ്പോൾ ആ ആളിനെവീണ്ടും നാമനിർദ്ദേശം ചെയ്യുന്നതിനു് ഇതു തടസ്സമായിരിക്കുന്നതല്ലാത്തതും ആകുന്നു.

3. മേൽഭാഗം 2 വകുപ്പ് VII ഉപവകുപ്പ് 2—ൽ വിവരിച്ചിട്ടുള്ളപ്രകാരം അസ്സോസ്യേഷൻ യോഗം പരിഗണനയ്ക്കു് എടുക്കുന്ന ഓരോ നാമനിർദ്ദേശവും വീണ്ടും യോഗത്തിൽ വായിക്കപ്പെടുന്നതും ഏതെങ്കിലും നാമനിർദ്ദേശം പട്ടക്കാരുടെ ഭാഗവും ആത്മായക്കാരുടെ ഭാഗവും എതിരില്ലാതെ സ്വീകരിച്ചാൽ ആ നാമനിർദ്ദേശം സർവ്വസമ്മതമായി പാസ്സാക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്നതും ആകുന്നു. ഏതെങ്കിലും നാമനിർദ്ദേശംസർവ്വസമ്മതമായി പാസ്സാക്കപ്പെടാത്തപക്ഷം വോട്ടിംഗ് നടത്തി ഫലം പ്രഖ്യാപിക്കേണ്ടതും അതു് മേൽഭാഗം 2 വകുപ്പ് VII ഉപവകുപ്പ് 3—ൽ വിവരിച്ചിട്ടുള്ളവണ്ണം ആയിരിക്കുന്നതുമാകുന്നു.

4. ഒന്നിലധികം സ്ഥാനങ്ങളിലേക്കു തെരഞ്ഞെടുപ്പു നടത്തേണ്ടതായാൽ അതു് ഈ ചട്ടങ്ങൾക്കു വിധേയമായി ഒരുമിച്ചു് നടത്താവുന്നതാകുന്നു.

## ഭാഗം 5

### X മാനേജിങ്ങ് കമ്മററി അംഗങ്ങളുടെ തെരഞ്ഞെടുപ്പു്

1. മേൽഭാഗം 1—ൽ ചേർത്തിരിക്കുന്ന ചട്ടങ്ങൾക്കു പുറമേ മാനേജിങ്ങ് കമ്മററിഅംഗങ്ങളുടെ നാമനിർദ്ദേ

ശം തെരഞ്ഞെടുപ്പ മുതലായവ താഴെ വിവരിച്ചിട്ടുള്ള ചട്ടങ്ങരം അനുസരിച്ചായിരിക്കേണ്ടതാകുന്നു.

2. അസ്സോസ്യേഷൻ യോഗത്തിൻെറ നോട്ടീസ് അനുസരിച്ച് ഓരോ പള്ളി ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിപുരുഷന്മാരും മാനേജിങ്ങ് കമ്മററി അംഗങ്ങളും അവരവരുടെ മെത്രാസനകേന്ദ്രങ്ങളിൽ പ്രസിഡണ്ട് അതിലേക്ക് നിശ്ചയിച്ച് അധികാരപ്പെടുത്തിയിട്ടുള്ള മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ പ്രസിഡണ്ട് നിശ്ചയിച്ച് അറിയിക്കുന്ന തീയതികളിൽ യോഗം കൂടേണ്ടതും അതതു മെത്രാസനത്തിൽ നിന്ന് അസ്സോസ്യേഷൻ മാനേജിങ്ങ് കമ്മററിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് അതതു യോഗത്തിൽഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷം അനുകൂലിക്കുന്നവരെ നാമനിർദ്ദേശം ചെയ്യേണ്ടതും അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ ലിസ്ററും അതോടുകൂടി അതതു യോഗത്തിൻെറ മിനിട്ട്സ് അദ്ധ്യക്ഷൻ ഒപ്പുവച്ച് അതും അസ്സോസ്യേഷൻ യോഗത്തിന് പത്തുദിവസം മുമ്പ് സെക്രട്ടറിക്ക കിട്ടത്തക്കവണ്ണം അയച്ചു കൊടുക്കേണ്ടതാകുന്നു.

3. ഓരോ മെത്രാസനത്തിൽ നിന്നും ഈ വകുപ്പ് മേൽ 2—ാം ഉപവകുപ്പിൻ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടാവുന്നവരുടെ സംഖ്യ പ്രസിഡണ്ട് നിശ്ചയിച്ച് അറിയിക്കുന്നതാകുന്നു.

4. ഈ വകുപ്പ് മേൽ 2—ാം ഉപവകുപ്പിൽ വിവരിച്ചിട്ടുള്ള പ്രകാരം ഉള്ള നാമനിർദ്ദേശങ്ങരംക്കു പുറമേ, മററാരെയെങ്കിലും നാമനിർദ്ദേശം ചെയ്യണമെന്ന്, സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അസ്സോസ്യേഷൻ അംഗങ്ങളുടെ ലിസ്റ്റിൽ ആക്കെങ്കിലും അഭിപ്രായമുള്ളപക്ഷം ഈ ചട്ടങ്ങളുടെ ഒടുവിൽ അഞ്ചാം അനുബന്ധമായി ചേത്തിട്ടുള്ള നാമനിർദ്ദേശപത്രികയുടെ ഫാറത്തിൽ നാമനിർദ്ദേശം ചെയ്യാവുന്നതും അതിൽ പ്രസ്തുത ലിസ്റ്റിൽ പേരുള്ളവരിൽ മൂന്നുപേർ എങ്കിലും ഒപ്പിട്ടിരിക്കേണ്ടതും

നാമനിർദ്ദേശം അസ്സോസ്യേഷൻ യോഗത്തിന് പത്തു ദിവസം മുമ്പ് സെക്രട്ടറിക്ക കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതും ആകുന്നു.

5. നാമനിർദ്ദേശങ്ങൾ ശരിയായ ഫാറത്തിലാണോ എന്നും അതിലെ പേരുകളും ഒപ്പുകളും നിജമാണോ എന്നും അസ്സോസ്യേഷൻ അംഗങ്ങൾ അവകാശമുള്ളതിൽ കൂടുതൽ നാമനിർദ്ദേശങ്ങളിൽ ചേൎന്നിട്ടുണ്ടോ എന്നും മേൽ IV-ാം വകുപ്പ് ഉപവകുപ്പ് 1-ൽ പറഞ്ഞിട്ടുള്ള ട്രിബ്യൂണൽ പരിശോധിച്ചു തീരുമാനിക്കുന്നതും ട്രിബ്യൂണൽ സ്വീകരിക്കുന്ന നാമനിർദ്ദേശങ്ങൾ മാത്രം സാധുവായിരിക്കുന്നതും ആകുന്നു.

6. മേൽ 5-ാം ചട്ടത്തിൽ ചേൎത്തിരിക്കുന്ന പരിശോധനയിൽ സാധുവായി കാണുന്ന നാമനിർദ്ദേശങ്ങൾ അവരവരുടെ മെത്രാസനാടിസ്ഥാനത്തിൽ അസ്സോസ്യേഷന്റെ അജണ്ടായിൽ ചേൎക്കുന്നതും അസ്സോസ്യേഷൻ യോഗത്തിന് അഞ്ചു ദിവസം മുമ്പ് യോഗസ്ഥലത്തും കാതോലിക്കേററ് ആപ്പീസിലും പ്രസിദ്ധപ്പെടുത്തുന്നതും ആകുന്നു.

XI 1. അസ്സോസ്യേഷൻയോഗം മാനേജിംഗ് കമ്മററി അംഗങ്ങളുടെ തെരഞ്ഞെടുപ്പിനെപ്പററി ആലോചിക്കുമ്പോൾ ആദ്യമായി സെക്രട്ടറി അജണ്ടായിൽ ചേൎത്തിട്ടുള്ള നാമനിർദ്ദേശങ്ങൾ ഓരോന്നായി വായിക്കുന്നതും തുടർന്ന് ആ നാമനിർദ്ദേശത്തെ എതിർക്കുന്നവർ ഇല്ലെങ്കിൽ ആ നാമനിർദ്ദേശം സൎവ്വസമ്മതമായിപാസ്സാക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെടുന്നതും എതിർപ്പ് ഉണ്ടെങ്കിൽ വോട്ടിംഗിനായി മാററിവയ്ക്കുന്നതും ആകുന്നു. തുടർന്ന് മററു നാമനിർദ്ദേശങ്ങളും വായിക്കുന്നതും മേൽ പ്രകാരം മേൽനടപടികൾ നടത്തുന്നതും സൎവ്വസമ്മതമായി പാസ്സാക്കപ്പെട്ട നാമനിർദ്ദേശങ്ങൾ നീക്കി ശേഷമുള്ളവ വോട്ടിംഗിനു മാററിവയ്ക്കുന്നതും ആകുന്നു. സർവ്വസമ്മതമായി പാസ്സാക്കപ്പെട്ട നാമനിർദ്ദേശങ്ങൾ മാനേജിം

ഗ് കമ്മററിയുടെ അംഗസംഖ്യസ്സ സമമാകുന്നതായാൽ ശേഷം നാമനിർദ്ദേശങ്ങരം സംബന്ധിച്ച മേൽനടപടി യോ വോട്ടിംഗിന്ന മാററിവച്ചിട്ടുള്ള നാമനിർദ്ദേശങ്ങരം സംബന്ധിച്ച് തുടന്ന് വേണ്ട വോട്ടിംഗ് നടപടിയോ ആവശ്യമില്ലാത്തതിനാൽ ഉപേക്ഷിക്കുന്നതാകുന്നു. തുടർന്ന് വോട്ടിംഗ് നടത്തേണ്ടതായി വരുന്നപക്ഷം ആവശ്യമുള്ള അംഗസംഖ്യസ്സ് ഏററവും കൂടുതൽ വോട്ടുകിട്ടുന്നവർ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാകുന്നു.

2. വോട്ടിംഗിന്ന മേൽപ്രകാരം മാററിവച്ചിട്ടുള്ള നാമനിർദ്ദേശങ്ങരം സംബന്ധിച്ചവോട്ടിംഗ് തുടർന്നു നടത്തുന്നതും വോട്ടിംഗ് കൈമാററം ചെയ്യാവുന്ന ഒററ വോട്ടുസമ്പ്രദായത്തിൽ രഹസ്യബാലററു മുഖാന്തിരമായിരിക്കുന്നതും വോട്ടുകരം തുല്യമായി വരുമ്പോരം കുറിഇട്ടു തീരുമാനിക്കുന്നതും ആകുന്നു.

## ഭാഗം 6

## XII ജനറൽ

1. അസ്സോസേഷൻ യോഗത്തിൽ ആലോചിച്ച നിശ്ചയിക്കേണ്ട ഏതെങ്കിലും വിഷയം സംബന്ധിച്ച് നാമനിർദ്ദേശം ചെയ്യുന്നതിനോ പ്രമേയം അവതരിപ്പിക്കുന്നതിനോ അസ്സോസേഷൻ മാനേജിംഗ്കമ്മററിക്ക് അവകാശം ഉണ്ടായിരിക്കുന്നതും ആ നാമനിർദ്ദേശമോ പ്രമേയമോ മേൽ VI–ാം വകുപ്പ് ഉപവകുപ്പ് 5–ൽ പറയുന്ന അജണ്ടായിൽ ഉരംപെടുത്തേണ്ടതും ആകുന്നു.

2. വോട്ടിംഗ് യോഗസമയത്തോ പ്രസിഡൻറിന്ന യുക്തമെന്നുകണ്ടാൽ പ്രസിഡണ്ട നിശ്ചയിക്കുന്നപ്രകാരം മററു സമയത്തോ സ്ഥലത്തുവച്ചോ നടത്താവുന്നതാകുന്നു.

3. ഈ നടപടിചട്ടങ്ങൾ സംബന്ധിച്ചോ അസ്സോസ്യേഷൻ യോഗത്തിൽ ചെയ്യുന്ന തീരുമാനങ്ങൾ സംബന്ധിച്ചോ, ഇവയിൽപെടാത്തതായി അസ്സോസ്യേഷൻ യോഗനടത്തിപ്പിന്ന് അതതു സമയത്തു് ആവശ്യമായി വരുന്ന ഏതെങ്കിലും കാര്യങ്ങൾ സംബന്ധിച്ചോ അസ്സോസ്യേഷൻയോഗത്തിൽ വച്ചോ അതിന്നുമുമ്പോ അപ്പഴപ്പോൾ വേണ്ട തീരുമാനം ചെയ്യുന്നതിന്ന് പ്രസിഡണ്ടിന്ന് അധികാരം ഉണ്ടായിരിക്കുന്നതും പ്രസിഡണ്ടു ചെയ്യുന്ന തീരുമാനങ്ങളെ ആക്കും ചോദ്യം ചെയ്വാൻ പാടില്ലാത്തതുംആകുന്നു.

4. പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പ് അറിയിപ്പുഫാറങ്ങൾ, ട്രിബ്യൂണലിന്റെ മുമ്പാകെ സമർപ്പിക്കുന്ന പരാതികൾ, നാമനിർദ്ദേശപത്രികകൾ, നാമനിർദ്ദേശപത്രിക പിൻവലിക്കുന്നതിനുള്ള അറിയിപ്പ് എന്നിവ റജിസ്റ്റേർഡു പോസ്ററുവഴി അയക്കേണ്ടതാകുന്നു.

5. ഏതെങ്കിലും ഇടവകയോഗം മേൽ III –ാം വകുപ്പ് 1 –ാം ഉപവകുപ്പിൽ പറയുന്നപ്രകാരം കൂടിയില്ലെന്നോ, പ്രതിപുരുഷന്മാരെ തെരഞ്ഞെടുത്തില്ലെന്നോ അവക്ക് അധികാരപത്രം കൊടുത്തില്ലെന്നോ, അവരെ തെരഞ്ഞെടുത്ത വിവരം അറിയിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് അറിയിപ്പുഫാറം പൂരിപ്പിച്ച് സെക്രട്ടറിക്ക് അയച്ചില്ലെന്നോ, 2–ാംഉപവകുപ്പിൽ പറയുന്നപ്രകാരം പ്രതിപുരുഷന്മാരുടെ ലിസ്റ്റ് ഏതെങ്കിലും മെത്രാസന ആപ്പീസിൽ പ്രസിദ്ധപ്പെടുത്തിയില്ലെന്നോ, മേൽ X–ാം വകുപ്പ് ഉപവകുപ്പ് 2ൽ പറയുന്ന യോഗം ഏതെങ്കിലും മെത്രാസനത്തിൽ കൂടിയില്ലെന്നോ വേണ്ട നാമനിർദ്ദേശം ചെയ്തില്ലെന്നോ മറേറാഉള്ളകാരണങ്ങളാൽ അസ്സോസ്യേഷൻ നടത്തുന്ന യാതൊരു തെരഞ്ഞെടുപ്പും അസാധുവാകുന്നതല്ല.

6. അസ്സോസ്യേഷൻ നടത്തുന്ന തെരഞ്ഞെടുപ്പുകളെ സംബന്ധിച്ചുള്ള എല്ലാ തക്കങ്ങളും മേൽ IV–ാം വകുപ്പ് ഉപവകുപ്പ് 1–ൽ പറയുന്ന ട്രിബ്യൂണൽ കേട്ടു തീരുമാനിക്കുന്നതും ആ തീരുമാനം അവസാന തീരുമാനം ആയിരിക്കുന്നതും ആകുന്നു.

നമ്പർ



അനുബന്ധം I

# മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സ്യേഷൻ പ്രതിപുരുഷൻമാരുടെ അധികാരപത്രം

.............................................................................................പള്ളി

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സ്യേഷൻ പ്രസിഡണ്ടും മലങ്കരമെത്രാപ്പോലീത്തായുമായ മോറാൻ മാർ ബസ്സേലിയോസ്................................................ കാതോലിക്കാബാവാ തിരുമനസ്സിലേക്ക്.

....–ാം തീയതി ....... മണിക്ക്........................................ വച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന അസ്സോസ്സ്യേഷൻ പൊതുയോഗത്തെ സംബന്ധിച്ച് കല്പിച്ചയച്ച നോട്ടീസ് സഭാഭരണഘടന 12–ാം വകുപ്പനുസരിച്ച് ഈ പള്ളിയിൽ പ്രസിദ്ധപ്പെടുത്തി ഈ പള്ളിഇടവകയോഗം ഇന്നേദിവസം ........................................അദ്ധ്യക്ഷതയിൽകൂടി പ്രസ്തുത നോട്ടീസ് വീണ്ടും വായിച്ച് അതിൽ വിവരിച്ചിട്ടുള്ള സംഗതിയെപ്പററി പ്രസ്തുതയോഗത്തിൽ ഹാജരായി ഈ ഇടവകയ്ക്കുവേണ്ടി അഭിപ്രായം പറയുന്നതിനും വോട്ടുചെയ്യുന്നതിനും ഈ ഇടവക പ്രതിപുരുഷന്മാരായി

1. ........................................................................................ കത്തനാർ
2. ................................................................................................
3. ................................................................................................

ഇവരെ തെരഞ്ഞെടുത്ത് അധികാരപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യക്ഷൻ (പൂർണ്ണമായ പേരും ഒപ്പും)........................................................... തീയതി

അദ്ധ്യക്ഷൻ വികാരി അല്ലാത്തപക്ഷം അദ്ധ്യക്ഷനെ നിയോഗിച്ച വികാരി (പൂർണ്ണമായ പേരും ഒപ്പും) ..........................................................................

ടി തെരഞ്ഞെടുപ്പിനെ ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു. (പ്രതിപുരുഷന്മാരുടെ പൂർണ്ണമായ പേരും ഒപ്പും)

1. .............................................. കത്തനാർ ..........................................
2. ..........................................................................................
3. ..........................................................................................

ഇടവകയോഗത്തിൽ സംബന്ധിച്ച ഇടവകാംഗങ്ങൾ

N. B. ഇടവകാംഗങ്ങൾ ഒപ്പിടുന്നതിനു സ്ഥലം മതിയാകാതെ വരുന്നപക്ഷം കൂടുതൽ കടലാസുകൾ വരച്ചുചേർക്കാവുന്നതാകുന്നു.

| താലൂക്ക് | വില്ലേജ് | പൂർണ്ണമായ പേരും മേൽവിലാസവും | ഒപ്പ് |
|---|---|---|---|
| | | | |

## അനുബന്ധം II

നമ്പർ.

മൂറ

# മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷൻ യോഗം

(തീയതി)

പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പ് അറിയിപ്പ്

| | | | | |
|---|---|---|---|---|
| 1 | മെത്രാസന ഇടവക | | | |
| 2 | പള്ളി ഇടവക | | | |
| 3 | ഇടവകയോഗം കൂടിയ | തീയതി<br>സ്ഥലം | | |
| 4 | ഇടവക യോഗാദ്ധ്യക്ഷന്റെ പേരും മേൽവിലാസവും ഒപ്പും | | | |
| 5 | തെരഞ്ഞെടുക്കപ്പെട്ട പ്രതിപുരുഷന്മാരുടെ പേരും മേൽവിലാസവും ഒപ്പും | | ക്രമ നമ്പർ | പേര് മേൽവിലാസം ഒപ്പ് |
| | | | 1 | |
| | | | 2 | |
| | | | 3 | |

സ്ഥലം.

തീയതി.

ഇടവകവികാരിയുടെ പേരും ഒപ്പും

## അനുബന്ധം III

# മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷൻ യോഗം

(തീയതി)

പ്രതിപുരുഷന്മാരുടെ ലിസ്റ്റ്

........................................മെത്രാസനം

| ക്രമ നമ്പർ | പള്ളിയുടെ പേരു് | പ്രതിപുരുഷന്മാരുടെ പേരും മേൽവിലാസവും |
|---|---|---|
| | | |

മാനേജിംഗ് കമ്മററിഅംഗങ്ങളുടെ ലിസ്റ്റ്

| ക്രമ നമ്പർ | മാനേജിംഗ് കമ്മററിഅംഗങ്ങളുടെ പേരും മേൽവിലാസവും |
|---|---|
| | |

സ്ഥലം
തീയതി

(ഒപ്പ്)
അസ്സോസ്യേഷൻ സെക്രട്ടറി

അനുബന്ധം IV

# മലങ്കര സുറിയാനിക്രിസ്ത്യാനി അസ്സോസ്യേഷൻ യോഗം

(തീയതി)

നാമനിർദ്ദേശഫാറം

മലങ്കര അസ്സോസ്യേഷൻ പ്രസിഡണ്ടു തിരുമനസ്സിലെ മുമ്പാകെ താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന അസ്സോസ്യേഷൻ അംഗങ്ങൾ സമർപ്പിക്കുന്ന നാമനിർദ്ദേശപത്രിക

* കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായുമായി / കാതോലിക്കായുടെയും മലങ്കരമെത്രാപ്പോലീത്തായുടെയും പിൻഗാമിയായി / മേല്പട്ടസ്ഥാനത്തേക്കു് / വൈദികട്രസ്റ്റിയായി/അത്മായ ട്രസ്റ്റിയായി ............തെരഞ്ഞെടുക്കണമെന്നു് ഞങ്ങൾ അഭിപ്രായപ്പെടുന്നു.

| പ്രതിപുരുഷന്മാരുടെയോ മാനേജിംഗ് കമ്മററി അംഗങ്ങളുടെയോ ലിസ്റ്റിലെ നമ്പർ | പ്രതിപുരുഷന്മാരുടെയോ മാനേജിംഗ് കമ്മററിഅംഗങ്ങളുടെയോ | |
|---|---|---|
| | പൂർണ്ണമായ പേരും മേൽവിലാസവും | ഒപ്പ് |
| | | |

* പ്രസക്തമല്ലാത്തഭാഗം വെട്ടിക്കളയേണ്ടതാകുന്നു.

## അനുബന്ധം V

# മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷൻ യോഗം

(തീയതി)

നാമനിർദ്ദേശഫാറം

മലങ്കര അസ്സോസ്യേഷൻ പ്രസിഡണ്ട തിരുമനസ്സിലെ മുമ്പാകെ താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന അസ്സോസ്യേഷൻ അംഗങ്ങൾ സമർപ്പിക്കുന്ന നാമനിർദ്ദേശപത്രിക.

മലങ്കര അസ്സോസ്യേഷൻ മാനേജിംഗ് കമ്മററി അംഗമായി / അംഗങ്ങളായി........ ....................................തെരഞ്ഞെടുക്കണമെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

| പ്രതിപുരുഷന്മാരുടെയോ മാനേജിംഗ് കമ്മററി അംഗങ്ങളുടെയോ ലിസ്റ്റിലെ നമ്പർ | പ്രതിപുരുഷന്മാരുടെയോ മാനേജിംഗ് കമ്മററി അംഗങ്ങളുടെയോ | |
|---|---|---|
| | പൂർണ്ണമായ പേരും മേൽവിലാസവും | ഒപ്പ് |
| | | |